©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ജൂലൈ 3<br>3rd July 2018<br>1193 മിഥുനം 19<br>19th Mithunam 1193<br>1940 ആഷാഢം 12<br>12th Ashadha 1940 | നമ്പർ<br>No. | 27 |

# PART III

# Fire Force Department

## ദർഘാസ്/ലേല പരസ്യം

നമ്പർ ഡി1-5475/2017. 2018 ജൂൺ 8.

കേരള അഗ്നിരക്ഷാ സേവന വകുപ്പിന് ഉപയോഗയോഗ്യമല്ലാത്തതും ആലപ്പുഴ, പാലാ അഗ്നിരക്ഷാ നിലയങ്ങളിൽ യഥാക്രമം സൂക്ഷിച്ചിട്ടുള്ളതുമായ താഴെ പറയുന്ന വാഹനങ്ങൾ ഇപ്പോഴത്തെ സ്ഥിതിയും അവസ്ഥയും പരിഗണിച്ച് ആയതിന്റെ നേരേ കാണിച്ചിരിക്കുന്ന തീയതിയിൽ ആലപ്പുഴ, പാലാ നിലയങ്ങളിൽ വെച്ച് ലേലം/ടെണ്ടർ വഴി വിൽപന നടത്തുന്നതാണ്.

| ക്രമ നമ്പർ | വാഹനത്തിന്റെ തരം, രജിസ്റ്റർ നമ്പർ, മോഡൽ, സൂക്ഷിച്ചിരിക്കുന്ന സ്ഥലം | നിരതദ്രവ്യം (`) | ലേല തീയതിയും സമയവും | ലേല സ്ഥലം |
|---|---|---|---|---|
| 1 | എമർജൻസി ടെണ്ടർ കെ.ബി.റ്റി-8362, 1984 മോഡൽ, അഗ്നിരക്ഷാനിലയം, ആലപ്പുഴ | 5,000 | 16-8-2018, 11 മണി | അഗ്നിരക്ഷാ നിലയം, ആലപ്പുഴ |
| 2 | മിനി എം.റ്റി.യു കെ. എൽ.01-എച്ച്-6494, 1995 മോഡൽ, അഗ്നിരക്ഷാനിലയം, പാലാ | 5,000 | 16-8-2018, 3 മണി | അഗ്നിരക്ഷാനിലയം, പാലാ |

Gaz. No. 27/2018/DTP (Fire Force).

ലേല നിബന്ധനകള്‍

1. ലേലത്തില്‍ പങ്കെടുക്കുവാനാഗ്രഹിക്കുന്നവര്‍ മേല്‍ കാണിച്ച തീയതികളില്‍ ലേലസ്ഥലത്ത് ഹാജരായി ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂര്‍ മുമ്പായി ` 5,000 നിരതദ്രവ്യം അടച്ച് ടോക്കണ്‍ വാങ്ങേണ്ടതാണ്.

2. മേല്‍ കാണിച്ച വാഹനങ്ങള്‍ ടെണ്ടര്‍ വഴി വാങ്ങാന്‍ ആഗ്രഹിക്കുന്നവര്‍ ലേലത്തീയതിയുടെ രണ്ട് പ്രവൃത്തി ദിവസം മുമ്പ് പകല്‍ 3 മണിവരെ നേരിട്ടോ തപാല്‍വഴിയോ ടെണ്ടര്‍ സമര്‍പ്പിക്കേണ്ടതാണ്. 3 മണിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകള്‍ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടി വാഹനങ്ങള്‍ക്ക് നിരതദ്രവ്യമായി പറഞ്ഞിരിക്കുന്ന ` 5,000-ന്റെ ക്രോസ് ചെയ്യാത്ത ബാങ്ക് ഡ്രാഫ്റ്റ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കോട്ടയം ബ്രാഞ്ചില്‍ മാറത്തക്കവിധം ഡിവിഷണല്‍ ഓഫീസര്‍, ഫയര്‍ ആന്റ് റെസ്ക്യൂ സര്‍വ്വീസസ്, കോട്ടയം-686 001 എന്ന വിലാസത്തില്‍ എടുത്തത് വെള്ളക്കടലാസില്‍ തയ്യാറാക്കിയ ടെണ്ടറിനോടൊപ്പം സീല്‍ ചെയ്ത കവറില്‍ അടക്കം ചെയ്യേണ്ടതാണ്. ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യാത്ത ടെണ്ടറുകള്‍ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. മുദ്രപതിപ്പിച്ച ടെണ്ടറുകള്‍ ഉള്‍ക്കൊള്ളുന്ന കവറിന്റെ മുകളില്‍ ഏതു വാഹനത്തിനു വേണ്ടിയാണോ ടെണ്ടര്‍ സമര്‍പ്പിക്കുന്നത് പ്രസ്തുത വാഹനം ലേലം കൊള്ളുന്നതിനുള്ള ടെണ്ടര്‍ എന്നും ടെണ്ടര്‍ സമര്‍പ്പിക്കുന്ന ആളിന്റെ അഡ്രസ്സും വ്യക്തമായി എഴുതിയിരിക്കണം. (ഉദാ : അഗ്നിരക്ഷാസേവന വകുപ്പ്, ആലപ്പുഴ അഗ്നിരക്ഷാനിലയം എമര്‍ജന്‍സി ടെണ്ടര്‍ കെ. ബി. റ്റി.-8362 എന്ന വാഹനം വാങ്ങുന്നതിനുള്ള ടെണ്ടര്‍). ടെണ്ടറുകള്‍ സമര്‍പ്പിച്ചവര്‍ തങ്ങളുടെ ടെണ്ടറുകള്‍ സ്വീകരിക്കുന്നപക്ഷം പണം അടയ്ക്കേണ്ടതിലേക്കായി ലേല സമയത്ത് ലേല സ്ഥലത്ത് ഹാജരായിരിക്കേണ്ടതാണ്. ടെണ്ടര്‍ നല്‍കിയവര്‍ക്കും ലേലത്തില്‍ പങ്കെടുക്കാവുന്നതാണ്. എന്നാല്‍ അവര്‍ വീണ്ടും നിരതദ്രവ്യം അടയ്ക്കേണ്ടതില്ല.

3. പരസ്യലേലം അവസാനിച്ചാല്‍ നേരത്തെ ലഭിച്ചിട്ടുള്ള ടെണ്ടറുകള്‍ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണോ കൂടുതല്‍ തുക വിളിച്ചിരിക്കുന്നത്/രേഖപ്പെടുത്തിയിരിക്കുന്നത് ആ തുക വിളിച്ച/രേഖപ്പെടുത്തിയ വ്യക്തിയുടെ പേരില്‍ ലേലം താല്‍ക്കാലികമായി ഉറപ്പിക്കുന്നതും പ്രസ്തുത വ്യക്തി ലേലം/ടെണ്ടര്‍ കൊണ്ട തുകയുടെ 25% അപ്പോള്‍തന്നെ അടയ്ക്കേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തിക്കൊണ്ട് ഹെഡ് ക്വാര്‍ട്ടേഴ്സില്‍ നിന്നും ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ബാക്കി തുകയും മൊത്തം തുകയ്ക്കുള്ള വില്പന നികുതിയും ഒടുക്കി സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും വാഹനം നീക്കം ചെയ്യേണ്ടതാണ്. ലേലം/ടെണ്ടര്‍ സ്ഥിരപ്പെടുത്തുന്ന വ്യക്തി ഒഴികെയുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടന്‍ മടക്കിക്കൊടുക്കുന്നതാണ്. ഏതെങ്കിലും കാരണവശാല്‍ ലേലം/ ടെണ്ടര്‍ സ്ഥിരപ്പെടുത്തി കിട്ടുന്നയാള്‍ ലേല നിബന്ധനകള്‍ ലംഘിക്കുകയാണെങ്കില്‍ ടിയാന്‍ അടച്ച തുക സര്‍ക്കാരിലേക്ക് മുതല്‍ കൂട്ടുന്നതും വാഹനം പുനര്‍ ലേലം ചെയ്യുന്നതുമായിരിക്കും. പുനര്‍ ലേലത്തില്‍ എന്തെങ്കിലും നഷ്ടം സംഭവിച്ചാല്‍ ആയത് മുന്‍പ് ലേലംകൊണ്ട വ്യക്തിയില്‍ നിന്നും ഈടാക്കുന്നതും കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുന്‍പ് ലേലംകൊണ്ട വ്യക്തിക്ക് അവകാശം ഇല്ലാത്തതും ആകുന്നു.

4. ലേലത്തില്‍ പങ്കെടുക്കുന്നവരും ടെണ്ടര്‍ സമര്‍പ്പിച്ചവരും മേല്‍പ്പറഞ്ഞ നിബന്ധനകള്‍ അതേപടി പാലിക്കേണ്ടതാണ്. ലേലത്തില്‍ പങ്കെടുക്കുവാന്‍/ടെണ്ടര്‍ നല്‍കുവാന്‍ ആഗ്രഹിക്കുന്നവര്‍ക്ക് വാഹനം സൂക്ഷിച്ചിരിക്കുന്ന അഗ്നിരക്ഷാനിലയങ്ങളിലെ സ്റ്റേഷന്‍ ഓഫീസര്‍മാരുടെ അനുമതിയോടെ പ്രവൃത്തി ദിവസങ്ങളില്‍ ഓഫീസ് സമയത്ത് വാഹനം പരിശോധിക്കാവുന്നതാണ്.

5. യാതൊരു കാരണവും കാണിക്കാതെ ലേലം/ടെണ്ടര്‍ നടപടികള്‍ മാറ്റിവയ്ക്കുന്നതിനും റദ്ദാക്കുന്നതിനും ടെണ്ടറുകള്‍ അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പ് വെച്ചിരിക്കുന്ന ഓഫീസര്‍ക്ക് പൂര്‍ണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

കോട്ടയം ഡിവിഷണല്‍ ഓഫീസറുടെ പൂര്‍ണ്ണ
അധിക ചുമതല വഹിക്കുന്ന
ഡിവിഷണല്‍ ഓഫീസര്‍,
ഫയര്‍ ആന്റ് റെസ്ക്യൂ സര്‍വ്വീസസ്.

ഡിവിഷണല്‍ ഓഫീസറുടെ കാര്യാലയം,
ഫയര്‍ ആന്റ് റെസ്ക്യൂ സര്‍വ്വീസസ്,
കോട്ടയം-686 001.